"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ആർ.ഇ1/364/2024-ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 22-01-2025

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - എൽ.എ.ആർ. കേസുകളിൽ നഷ്ടപരിഹാരം നൽകുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച മർഗ്ഗനിർദ്ദേശം - പുറപ്പെടുവിക്കുന്നു.

***************************************

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസുകളിലെ നഷ്ടപരിഹാരം നൽകുന്നതിനായി സർക്കാരിൽ സമർപ്പിക്കുന്ന മിക്ക അപേക്ഷകളും അപൂർണ്ണവും വ്യക്തമായ വിവരങ്ങൾ ഉൾപ്പെടാത്തവയും ആയതിനാൽ പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കി അന്തിമ തീരുമാനമെടുക്കുന്നതിന് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിരിയ്ക്കുന്നു. എൽ.എ.ആർ. കേസുകളിലെ നഷ്ടപരിഹാരം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് നിമിത്തം പലിശ ഇനത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായും കാണുന്നു.

2) ആയതിനാൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസുകളിലെ വിധിക്കടത്തുക അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് നിമിത്തം പലിശ ഇനത്തിൽ സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. എൽ.എ.ആർ. കേസിന്റെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിനായി പ്രസ്തുത എൽ.എ.ആർ കേസിന്റെ വിധിന്യായം, ഡിക്രി, അഡ്വക്കേറ്റ് ജനറൽ/ഗവൺമെന്റ് പ്ലീഡർ-റുടെ നിയമോപദേശം, ജില്ലാ കളക്ടറുടെ നടപടിക്രമം, നാളതീകരിച്ച കണക്കുവിവരപ്പട്ടിക, അപ്പീൽ

ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിധിന്യായം, നിയമോപദേശം എന്നിവ ഉൾപ്പടെ വ്യക്തമായ ശിപാർശ സഹിതം പൂർണ്ണമായ പ്രൊപ്പോസൽ മാത്രം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

**2.** എൽ.എ.ആർ കേസുകളിലെ വിധിക്കടത്തുക അനുവദിക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കുന്ന എല്ലാ പ്രൊപ്പോസലിലും ജില്ലാ കളക്ടറുടെ പേരിലുള്ള ഏത് ശീർഷകത്തിലേക്കാണ് പ്രസ്തുത തുക കൈമാറേണ്ടതെന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

**അനുപമ ടി വി**

**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
2. ജില്ലാ കളക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
4. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
6. വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂമീഡിയ വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.ഇ.1/364/2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 23-01-2025 13:11:20

സെക്ഷൻ ഓഫീസർ.